(സി) നികുതി നിർണ്ണയ വേളയിൽ സ്പെഷ്യൽ നോട്ടീസ് നൽകിയും തുടർന്ന് നികുതി അടയ്ക്കാത്തവർക്ക് ഡിമാന്റ് നോട്ടീസുകൾ നൽകിയുമാണ് നികുതി പിരിച്ചെടുക്കുന്നത്. കൂടാതെ 2-2-2011-ലെ സ.ഉ. (സാധാ) 357/2011/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 15-3-2011-ന് മുമ്പായി ഒറ്റത്തവണയായി നികുതി കുടിശ്ശിക ഒടുക്കുന്നവരെ പിഴപ്പലിശയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾ

140(348) ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ. എം. എസ്. ഭവന പദ്ധതിയിലേക്ക് സംസ്ഥാനത്തൊട്ടാകെ ഇതുവരെ എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഗുണഭോക്താക്കളുമായി കരാർ വയ്ക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ എത്രപേരുമായി കരാർ വയ്ക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) കരാർ വച്ച എത്രപേർക്ക് ഒന്നാം ഗഡു അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനത്തിൽ എത്ര വീടുകൾ പൂർണ്ണമായി പൂർത്തീകരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) പദ്ധതിക്ക് അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കിയോ ; എങ്കിൽ അത് ഓരോ ജില്ലയിലും എത്രവീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജില്ല	ഗ്രാമപഞ്ചായത്ത്	നഗരസഭ
(1)	(2)	(3)
തിരുവനന്തപുരം	37492	12692
കൊല്ലം	52593	15482
ആലപ്പുഴ	46274	3983
പത്തനംതിട്ട	18674	1474
കോട്ടയം	24748	1313
ഇടുക്കി	49257	551
എറണാകുളം	50732	3639

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
തൃശ്ശൂർ	36328	4662
പാലക്കാട്	28904	2389
മലപ്പുറം	31040	2354
വയനാട്	27796	852
കോഴിക്കോട്	29725	3467
കണ്ണൂർ	17288	2368
കാസർഗോഡ്	18766	1947

(ബി) ഗ്രാമപഞ്ചായത്തുതലത്തിൽ വിവരം ശേഖരിച്ചു നൽകുന്നതാണ്. നഗരസഭകളിലായി 10338 ഗുണഭോക്താക്കളും കരാർ വച്ചിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളിൽ 116100 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു അനുവദിച്ചു. നഗരസഭകളിൽ കരാർ വച്ച 10338 ഗുണഭോക്താക്കളും ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ 56022 വീടുകളും നഗരസഭകളിൽ 1373 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം താഴെകൊടുക്കുന്നു:

ജില്ല	ഗ്രാമപഞ്ചായത്ത്	നഗരസഭ
തിരുവനന്തപുരം	37492	12692
കൊല്ലം	52593	15482
ആലപ്പുഴ	46274	3983
പത്തനംതിട്ട	18674	1474
കോട്ടയം	24748	1313
ഇടുക്കി	49257	551
എറണാകുളം	50732	3639
തൃശ്ശൂർ	36328	4662
പാലക്കാട്	28904	2389
മലപ്പുറം	31040	2354
വയനാട്	27796	852
കോഴിക്കോട്	29725	3467
കണ്ണൂർ	17288	2368
കാസർഗോഡ്	18766	1947

LIBRARY ARCHIVES Kerala Legislative Assembly